# കീറാമുട്ടിയായി ബാംഗ്ലൂർ ട്രെയി
# തിങ്കളാഴ്ച അടിയന്തര യോഗം

**ബി. ജ്യോതികുമാർ**

കോട്ടയം ● പ്രതിദിന ട്രെയിനാക്കി മാറ്റിയ കൊച്ചുവേളി - ബാംഗ്ലൂർ എക്സ്പ്രസിന്റെ സമയം നിശ്ചയിക്കൽ റയിൽവേക്കു കീറാമുട്ടിയായി. നാളെ നിലവിൽ വരുന്ന പുതിയ സമയപ്പട്ടികയിലെ സമയം സ്വീകാര്യമല്ലെന്നു പല കേന്ദ്രങ്ങളും അറിയിച്ചതോടെ പ്രശ്നം പരിഹരിക്കാൻ തിങ്കളാഴ്ച ചെന്നൈയിൽ ദക്ഷിണ റയിൽവേ ആസ്ഥാനത്ത് അടിയന്തര യോഗം ചേരും. പ്രശ്നം തീരുംവരെ നിലവിലുള്ള സമയത്തു തന്നെയാവും 16315, 16316 നമ്പരുകളിലെ ട്രെയിനുകളുടെ യാത്ര.

കൊച്ചുവേളിയിൽ നിന്നു പുറപ്പെടുന്നതിലും ബാംഗ്ലൂരിൽ നിന്നുള്ള മടക്കയാത്രയുടെയും സമയത്തിൽ അഭിപ്രായഭിന്നതയുണ്ട്.

ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ വൈകിട്ട് 4.05 കൊച്ചുവേളിയിൽ നിന്നു പുറപ്പെടുന്നതിനു പകരം, പ്രതിദിനമാക്കുന്നതിനു മുന്നോടിയായി നാളെ മുതൽ രാത്രി 9.20നു പുറപ്പെടാനായിരുന്നു തീരുമാനം. എന്നാൽ ഈ സമയം യാത്രക്കാരെ ദോഷകരമായി ബാധിക്കുമെന്ന് അഭിപ്രായം വന്നതോടെയാണു സമയമാറ്റം അടിയന്തരമായി പുനഃപരിശോധിക്കാൻ തിങ്കളാഴ്ച യോഗം ചേരുന്നത്.

ബാംഗ്ലൂരിൽ നിന്നുള്ള മടക്കയാത്രാ സമയവും മാറ്റണമെന്ന ആവശ്യം ശക്തമാണ്. ഇപ്പോൾ വൈകിട്ട് 5.15 എന്നതിനു പകരം മൂന്നു മണിക്കൂർ നേരത്തെയാ

# മണർകാട് നിന്ന് മഹാരാഷ്ട്രയിലേക്ക് അയച്ച 35 ലക്ഷത്തിന്റെ റബർഷീറ്റ് തട്ടിയെടുത്തു